
നീലായുടെ
പ്രൊഫസ്സർ
സംവിധാനം - പി. സുബ്രഹ്മണ്യം
a
KUMARASWAMY & CO RELEASE

നീലായുടെ

# 'പ്രൊഫസ്സർ'

[മലയാളം]

താരങ്ങൾ

ജമിനി ഗണേശൻ
തിക്കുറിശ്ശി
കൊട്ടാരക്കര ശ്രീധരൻ നായർ
ററി. കെ. ബാലചന്ദ്രൻ
ബഹദൂർ
ആലുംമൂടൻ

ശാരദ
വിജയശ്രീ
ശാന്തി
ബേബി സുമതി
ബേബി രാജശ്രീ

കഥ, സംഭാഷണം

തോപ്പിൽ ഭാസി

ഗാനരചന

വയലാർ

സംഗീതം

ദേവരാജൻ

പാടിയവർ

യേശുദാസ്, പി. ലീല, മാധുരി

സംവിധാനം

## സുബ്രഹ്മണ്യം

സ്റ്റുഡിയോ

## മെരിലാൻഡ്

# പ്രൊഫസ്സർ

## കഥാബിന്ദു

ചേട്ടൻ എങ്ങോട്ടാണു് ?

കോളേജിലേക്കു്

ഇന്നു്— ?

ഉം. എന്താ, നിനക്കതിശയം. ഇന്നാണു് എന്റെ വിവാഹം നിശ്ചയിച്ചിരുന്നതെന്നു് ഓർത്തിട്ടാണോ? അതു ഞാൻ മാററിവച്ചു.

എന്നത്തേയ്ക്കു് ?

എന്നന്നേയ്ക്കുമായി!—

എന്താണീപ്പറയുന്നതു് ?

ഞാൻ ഒന്നുംതന്നെ വളച്ചുകെട്ടി പറയാറില്ലെന്നും, കൂടുതൽ പറയാറില്ലെന്നും ലക്ഷ്മിക്കറിഞ്ഞുകൂടെ?—

ചേട്ടൻ ഇങ്ങിനെ തീരുമാനിക്കരുതു്...

നിന്റെ ഉപദേശം സ്വീകരിക്കേണ്ട കാര്യമല്ല; ഇതു് —

കുഞ്ഞുങ്ങളുടെ അച്ഛന്റെ മരണം കാരണമല്ലേ നിശ്ചയിച്ച വിവാഹം വേണ്ടെന്നുവയ്ക്കുന്നതു് ?

അതെ, അവരുടേയും, നിന്റേയും സംരക്ഷണച്ചുമതല എനിക്കായിരിക്കുന്നു.

ചേട്ടന്റെ വിവാഹം അതിനു തടസ്സമല്ലല്ലോ —

തടസ്സമാണു്. ഒരു പ്രൊഫസ്സറായ എനിക്കു് ക്രമവും, ചിട്ടയുമുണ്ട

ങ്കിലും ഭാര്യയും കുട്ടികളും ഉണ്ടാകുമ്പോൾ അവരോട് ചില പ്രത്യേകതകൾ വന്നുപോകാം. ഞാനും മനുഷ്യനല്ലേ —

x x x x

വിദ്യാവിചക്ഷണനും, വിജ്ഞാനധുരന്ധരനും, ജിതേന്ദ്രിയനും, ജീവിതദർശകനുമായ ആ പണ്ഡിതവര്യൻ, മദാലസയും കലാകോവിദയുമായ ഒരു നർത്തകിയുടെ നശ്വരസൗന്ദര്യത്തിൽ മതിമയങ്ങി മാരമദിരോത്സവലഹരിയിലാറാടി. ആ സാഗരഗംഭീരൻ അന്നോളം കെട്ടിനിർത്തിയിരുന്ന വികാരജലാശയം അണപൊട്ടിയൊഴുകി. ആ അപ്രതിഹതപ്രവാഹത്തിൽ സ്വന്തം വ്യക്തിത്വവും, രക്തബന്ധവും, കുടുംബഭദ്രതയും, സ്ഥാനമാനങ്ങളും ഒന്നടങ്കം നശിച്ചു. ലോകം പരിഹസിച്ചു. ഉററമിത്രങ്ങൾ കണ്ണുനീർ വാർത്തു. തറവാട് തകർന്നു. ശിഷ്യഗണങ്ങൾ കൂവിവിളിച്ചു. സ്ഥാനം തെററിയപ്പോൾ സർവ്വവും നഷ്ടപ്പെട്ടു.

ജീവന്റെജീവനായി സ്നേഹിച്ചിരുന്ന തന്റെ ഏക സഹോദരിക്ക് തീരാത്ത ദുഃഖവും തോരാത്ത കണ്ണുനീരും മൊത്തം നൽകിയ ആ പ്രൊഫസ്സറുടെ ജീവിതനാടകത്തിലെ അവസാന യവനിക എപ്പോൾ വീണു? — എങ്ങിനെ വീണു? — എന്തിനു വീണു? — ഉത്തരം വെള്ളിത്തിരയിൽ —

ഗാനം—1

പാടിയത്: പി. ലീല

കന്യാകുമാരിക്കടപ്പുറത്ത്
സന്ധ്യമയങ്ങുംകടപ്പുറത്ത്—ഒരു
സ്വർണ്ണമഞ്ചൽ താണു പറന്നുപോൽ—അതി—
ലിന്ദ്രജാലക്കാരൻ വന്നുപോൽ
എന്നാണമ്മേ—എന്നാണ്
പണ്ട്—പണ്ട്—പണ്ട്

(കന്യാകുമാരി)

കൺപുരികക്കൊടി ചലിച്ചപ്പോൾ—അവൻ
കൈമയിൽപ്പീലിയുഴിഞ്ഞപ്പോൾ

(കൺ)

കടലൊരു കണ്ണാടിപ്പലകയായി
കാർത്തികത്താരക വിളക്കായി—ഒരു
കാഞ്ചനശ്രീകോവിലുണ്ടായി
ഹായ്......ഹായ്......നല്ല കഥ
ബാക്കിക്കൂടി പറയൂ അമ്മേ
ഒന്നാക്കൈവിരലുയർന്നപ്പോൾ—അന്നൊ—
രൊററക്കൽമണ്ഡപമോടിവന്നു

(ഒന്നാ)

അതിലൊരു വെൺകൊററക്കുട നിവർന്നു
ആവണിപ്പലകയിട്ടവനിരുന്നു—ചുററു—
മാരാധികമാർ തൊഴുതുനിന്നു
നല്ലരസം...അല്ലേ പിന്നീടെന്തായി
അന്നത്തെ രാത്രി കഴിഞ്ഞപ്പോൾ—ഭൂമി
കണ്ണുംതിരുമ്മിയുണർന്നപ്പോൾ

(അന്നത്തെ)

അവനില്ലവൻവന്ന മഞ്ചലില്ലാ ..
ആക്കഥ കടംകഥയായിരുന്നു—വന്ന—
തമ്പിളിയമ്മാവനായിരുന്നു
എവിടെപ്പോയമ്മേ—അമ്പിളിമാമൻ
കടലിനക്കരെ......

(കന്യാകുമാരി)

ഗാനം—2

പാടിയത്: മാധുരി

ക്ഷേത്രപാലകാ ക്ഷമിക്കൂ! ക്ഷമിക്കൂ!
രാത്രിയിൽ ലജ്ജാലസഗാത്രിയായ് ഞാനീ
ആസ്ഥാനമണ്ഡപത്തിൽ കടന്നുപോയി

(ക്ഷേത്രപാലകാ!)

അവിട്ടത്തെയനുവാദമില്ലാതെ ഞാനീ
അനുപലഭപുഷ്പദലമിറുത്തുപോയി
അമൃതനിഷ്യന്ദിയാം പൂവിൻെറ ചുണ്ടിലെൻ
അധരസിന്ദൂരം പൊഴിഞ്ഞുപോയീ
പൊഴിഞ്ഞുപോയീ

(ക്ഷേത്രപാലകാ!)

അവിട്ടത്തെയഭിലാഷമറിയാതെ ഞാനീ
അരമനമലർമെത്ത വിരിച്ചുപോയി
മധുകരസ്പർശനമറിയാത്ത മാറിലെൻ
മൃദുലാംഗരാഗം പുരണ്ടുപോയീ
പുരണ്ടുപോയീ......

(ക്ഷേത്രപാലകാ!)

ഗാനം—3

പാടിയതു്: മാധുരി

പ്രീതിയായോ. ? പ്രിയമുള്ളവനേ......
പ്രീതിയായോ...?
പ്രീതിയായോ, പ്രിയമുള്ളവനേ
പ്രീതിയായോ...
പറഞ്ഞതെല്ലാം തന്നതിനുള്ളൊരു
പാരിതോഷികമെവിടെ—പ്രേമ—
പാരിതോഷികമെവിടെ (പ്രീതിയായോ)
മനസ്സിൽ മണിമഞ്ജുഷയിൽ—പകൽ
കിനാവു് കിലുക്കിയ മുത്തുകളോ?
മാറിലെ രോമാഞ്ചങ്ങളിൽ
മദനനൊളിപ്പിച്ച മുത്തുകളോ?
കാണട്ടെ......
ഒന്നു കാണട്ടെ......
എൻെറ നാണത്തിലവയെ ഞാൻ പൊതിയട്ടെ......

(പ്രീതിയായോ)

പറഞ്ഞതെല്ലാം തന്നതിനുള്ളൊരു
പാരിതോഷികമെവിടെ പ്രേമ—
പാരിതോഷികമെവിടെ (പ്രീതിയായോ)
വിടരും യുവമയൌവ്വനത്തിൽ—കാമ—
വികാരമുണർത്തിയ കൌതുകമോ?
രാവിലെ ഏകാന്തതകളെ?
ലഹരിപിടിപ്പിച്ച മോഹങ്ങളോ?
കാണട്ടെ......
ഒന്നു കാണട്ടെ......
എൻെറ നാണത്തിലവയെ ഞാൻ പൊതിയട്ടെ......

(പ്രീതിയായോ?)

പറഞ്ഞതെല്ലാം തന്നതിനുമല്ലാത
പാരിതോഷികമെവിടെ—പ്രേമ
പാരിതോഷികമെവിടെ
പ്രീതിയായോ പ്രിയമുള്ളവനേ.
പ്രീതിയായോ...?

ഗാനം—4

പാടിയതു്: മാധുരി.

സ്വയംവരം......
സ്വയംവരം സ്വയംവരം സ്വയംവരം—ഇന്നു്
സ്വയംവരം
നീങ്ങളിലാരോ ഒരുവൻ ഇന്നെന്റെ വരൻ
ആരവനാരോ......ആരോ...ആരോ...ആരോ
(സ്വയംവരം)

സ്വപ്നത്തിൽ ഞാൻ കണ്ട കാമസ്വരൂപനീ
സദസ്സിലുണ്ടോ_ഈ സദസ്സിലുണ്ടോ—എന്റെ
പ്രാണഹർഷങ്ങളെ—പൂകൊണ്ടു മൂടിയ
ഗായകനിവിടെയുണ്ടോ—ഏകാന്ത
ഗായകനിവിടെയുണ്ടോ?
വരൂ—വരൂ—സ്വീകരിക്കൂ—വിവാഹമാല്യം...
ഹാ ..ഹാ...ഹാ.. ഹോയ്
(സ്വയംവരം)

സ്വർണ്ണത്തിൽ വാർത്തൊരാ സ്വർഗ്ഗസൗന്ദര്യമീ
സദസ്സിലുണ്ടോ-ഈ സദസ്സിലുണ്ടോ—എന്നെ
പ്രേമിച്ചു ലാളിച്ചു മാറിൽ മയക്കിയ
കാമുകനിവിടെയുണ്ടോ?—സങ്കല്പ
കാമുകനിവിടെയുണ്ടോ?
വരൂ—വരൂ—സ്വീകരിക്കൂ വിവാഹമാല്യം...
ഹാ...ഹാ...ഹാ...ഹോയ്
(സ്വയംവരം)

ഗാനം—5

പാടിയത്: യേശുദാസ്

ആരാധനാവിഗ്രഹമേ...
അഞ്ജനവിഗ്രഹമേ...
ദേവാലയത്തിലിരുന്നപ്പോൾ നീ
ആരായിരുന്നു...

(ആരാധനാ...)

വഴിയിൽ–പെരുവഴിയിൽ
നിന്നെ എറിഞ്ഞതു വിധിയോ–? കാലമോ?......

ജ്ഞാനക്കണ്ണു തുറക്കാനറിയാത്ത-
ന്താരെന്ന ഭാവങ്ങളോ?

പൂജാരികളെവിടെ–ഇന്നു നിൻ
പൊന്നമ്പലമെവിടെ

(ആരാധനാ...)

പിറകെ–തൊട്ട പിറകെ
പിൻതുടരുന്നത് നിഴലോ-ദാഹമോ...
എന്നോ നിന്നെപ്പിരിയാനിടവന്നോ-
രേകാന്തവേദനയോ?

ആരാധകരെവിടെ–ഇന്നു നിൻ
അന്തഃപുരമെവിടെ

(ആരാധനാ...)

Sasthe Printers, Tvm-14.